ഉത്തരം

(എ-ബി) ഇപ്പോൾ പരിഗണനയിലില്ല.

സർട്ടിഫിക്കറ്റ് നൽകാൻ നടപടി

38 (39) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ചേലേമ്പ്ര പ്ലാശ്ശേരി വീട്ടിൽ പി. ശങ്കരൻ നായർ കേന്ദ്ര ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി, സംസ്ഥാന ഫാമിലി പെൻഷന് അപേക്ഷിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഫയർഫോഴ്സ് കമാണ്ടന്റ് ആഫീസിൽ നിന്നും ലഭിക്കുന്നതിനുവേണ്ടി സർക്കാരിന് അപേക്ഷ നൽകിയിരുന്നുവോ ;

(ബി) ശങ്കരൻ നായർക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) സിവിൽ സർവ്വീസ് ഫാമിലി പെൻഷൻ അനുവദിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് നൽകണമെന്നാണ് ശ്രീ. ശങ്കരൻ നായർ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്. കുടുംബപെൻഷൻ അനുവദിക്കുന്നത് അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നാണ്. ആയത് 1978-ൽ അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കുടുംബ പെൻഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകുന്നതിലേയ്ക്ക് അക്കൗണ്ടന്റ് ജനറൽ ആഫീസിലേയ്ക്ക് 1994-ൽ എഴുതിയിട്ടുള്ളതും ഇത് സംബന്ധിച്ച വിവരം ശ്രീ. പി. ശങ്കരൻ നായരെ അറിയിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ 1995-ന് ശേഷം ഇത് സംബന്ധിച്ച പരാതിയോ നിവേദനമോ ലഭിച്ചിരുന്നില്ല. 14-11-2000-ൽ ലഭിച്ച ഒരു നിവേദനത്തിന്മേൽ ഇത് സംബന്ധിച്ച ചില വിവരങ്ങൾകൂടി അറിയിക്കാൻ ശ്രീ. ശങ്കരൻ നായരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പദ്ധതി ചെലവ്

39 (40) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് എത്ര രൂപയായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത് ;

(ബി) 2001 ജനുവരി 31 വരെ എത്ര രൂപ ഈ ഇനത്തിൽ ചെലവഴിച്ചു ;

(സി) കൃഷി, വ്യവസായം, വൈദ്യുതി, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ എന്നീ ഇനങ്ങളിലേയ്ക്ക് നടപ്പു സാമ്പത്തിക വർഷം എന്തു തുകയാണ് നീക്കിവച്ചതെന്നും അതിൽ 2001 ജനുവരി 31 വരെ എന്തു തുക ചെലവാക്കിഎന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3535 കോടി രൂപയ്ക്കുള്ള പദ്ധതിയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) താൽക്കാലിക കണക്കനുസരിച്ച് 1849.30 കോടി രൂപ ചെലവഴിച്ചു.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മേഖല	നീക്കിവെച്ച തുക (തുക കോടിയിൽ)	2001 ജനുവരി31 വരെ ചെലവായ തുക
1	കൃഷി	76.00	29.67
2	വ്യവസായം	236.89	111.35
3	വൈദ്യുതി	657.20	474.94
4	വിദ്യാഭ്യാസം	135.13	103.59
5	പൊതുജനാരോഗ്യം	69.34	22.54
6	പട്ടികജാതി-പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗ ക്ഷേമം	137.50	52.09

ചെലവ് സംബന്ധിച്ച കണക്കുകൾ താൽക്കാലികമാണ്.

സംസ്ഥാനത്തിന്റെ ജി.ഡി.പി.

40 (41) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ജി.ഡി.പി. എത്രയായിരുന്നു ; ഇപ്പോൾ എത്രയാണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഭക്ഷ്യധാന്യ ഉൽപ്പാദനം എത്രയായിരുന്നു ;

(സി) ഇപ്പോൾ എത്രയാണ് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനം എത്രയായിരുന്നു ;

(ഇ) ഇപ്പോൾ അത് എത്രയാണ് ;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നിന്നുള്ള കയറ്റുമതിയുടെ തുല്യം എത്രയായിരുന്നു ;

(ജി) ഇപ്പോൾ അതെത്രയാണ് ;

(എച്ച്) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിദേശ നാടുകളിൽ നിന്ന് കേരളത്തിലേക്ക് പ്രതിവർഷം കേരളീയർ അയച്ചിരുന്ന തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly